# KERALA STATE VETERINARY COUNCIL

(Statutory body of the Govt. Of Kerala constituted under the I.V.C.Act, 1984)
PEROORKADA.P.O. THIRUVANANTHAPURAM
Phone: 0471 2435246,: 24354
E-mail: keralastateveterinarycouncil@gmail.com
www.ksvc.kerala.gov.in


---

## വിജ്ഞാപനം

No. KSVC- 77/2025 Date: 03/09/2025

കേരള സർക്കാർ, മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 12/05/2025 ലെ സ.ഉ. (സാധാ ) നം 317/2025/AHD നമ്പർ ഉത്തരവ് പ്രകാരം, കേരളത്തിലേയും അന്യ സംസ്ഥാനത്തിലേയും വി.സി.ഐ. അംഗീകൃത സർവകലാശാലകളിൽ നിന്നും B.V.Sc & A.H ബിരുദം നേടിയ കേരളീയരായ ബിരുദധാരികളിൽ നിന്നും കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പിൽ 2025-26 വർഷക്കാലത്തേക്ക് ജൂനിയർ റസിഡന്റ് പ്രോഗ്രാമിലേക്ക് തെരഞ്ഞെടുക്കുന്നതിന് വേണ്ടി കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ 29/08/2025 ന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ റൂൾസ് 1991 സെക്ഷൻ 26 പ്രകാരം. "Every person who holds the recognized Veterinary qualification and resides in the State of Kerala" എന്ന ചട്ടം പാലിക്കുന്നതിലേക്കായി, കേരള മൃഗസംരക്ഷണ വകുപ്പിൽ ജൂനിയർ റസിഡന്റ് പ്രോഗ്രാമിലേക്ക് അപേക്ഷകരുടെ പട്ടിക തയ്യാറാക്കുന്നതിലേക്കായി കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രാറുടെ 29/08/2025 ലെ KSVC.77/2025 നമ്പർ വിജ്ഞാപനം തിരുത്തൽ വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നു

| | |
|---|---|
| ഒഴിവുകളുടെ എണ്ണം | കണക്കാക്കപ്പെട്ടിട്ടില്ല |
| യോഗ്യത | 1. വി.സി.ഐ. അംഗീകൃത സർവകലാശാലകളിൽ നിന്നും B.V.Sc & A.H ബിരുദം<br>2. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ |

OFFICE OF THE REGISTRAR ★ KERALA STATE VETERINARY COUNCIL ★

<u>നിബന്ധനകൾ</u>

1. 01/04/2024 – ന് ശേഷം B.V.Sc & AH ബിരുദം കരസ്ഥമാക്കിയവരുടെ അപേക്ഷകൾ മാത്രമായിരിക്കും പരിഗണിക്കുക.
2. 01/04/2025 ന് ശേഷം B.V.Sc & AH ബിരുദം നേടിയ ഉദ്യോഗാർത്ഥികൾക്ക് പ്രഥമ പരിഗണന നൽകുന്നതാണ്. പ്രസ്തുത ഉദ്യോഗാർഥികളുടെ അഭാവത്തിൽ 01/04/2024 നും 31/03/2025 നും ഇടയിൽ B.V.Sc & AH ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്.
3. OGPA (Overall Grade Point Average) യുടെയും ബിരുദം നേടിയ വർഷത്തിന്റെയും അടിസ്ഥാനത്തിൽ ജില്ലാടിസ്ഥാനത്തിൽ അപേക്ഷകരുടെ പട്ടിക തയ്യാറാക്കുന്നതാണ്.
4. ഓരോ ജില്ലകളിലെയും സ്ഥാപനങ്ങൾ വകുപ്പിന്റെ താല്പര്യത്തിനും പൊതുജന താല്പര്യത്തിനും വിധേയമായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ നിശ്ചയിക്കുന്നതും പട്ടിക പ്രസിദ്ധീകരിക്കുന്നന്നതുമാണ്.
5. അപേക്ഷകന് കേരളത്തിലെ ഏതു ജില്ലയും തിരഞ്ഞെടുക്കാവുന്നതാണ്.
6. അപേക്ഷകന് എത്ര ജില്ലകളിലേക്ക് വേണമെങ്കിലും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഒന്നിൽ കൂടുതൽ ജില്ലകളിലേക്ക് അപേക്ഷിക്കുമ്പോൾ മുൻഗണനാക്രമം അപേക്ഷകന് നിശ്ചയിക്കാവുന്നതാണ്.
7. തിരഞ്ഞെടുക്കപ്പെട്ട ഓരോ ജില്ലകളിലെയും വിവിധ സ്ഥാപനങ്ങളിലേക്കു മുൻഗണനാക്രമത്തിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് പ്രസ്തുത ജില്ലകളിലെ ജില്ലാ മൃഗസംരക്ഷണ ആഫീസർക്കു അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്ഥാപനം അനുവദിച്ചു നൽകൽ മൃഗസംരക്ഷണ വകുപ്പിന്റെ താല്പര്യത്തിനും ജില്ലാ മൃഗസംരക്ഷണ ആഫീസറുടെ വിവേചനാധികാരത്തിനും വിധേയമായിരിക്കും.
8. നിയമന ഉത്തരവ് ബന്ധപ്പെട്ട ജില്ലാ മൃഗസംരക്ഷണ ആഫീസിൽ നിന്നും ഇ മെയിൽ മുഖാന്തിരം അറിയിക്കുന്നതാണ്.
9. ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ നിയമന ഉത്തരവ് ഇ മെയിൽ മുഖേന ലഭ്യമായി അഞ്ചു ദിവസത്തിനകം (അവധി ദിവസം ഉൾപ്പെടെ) ജോലിയിൽ പ്രവേശിക്കാത്ത പക്ഷമോ, ടി തസ്തികയിൽ പ്രവേശിക്കുന്നതിന് താല്പര്യമില്ല എന്ന് അപേക്ഷകൻ രേഖാമൂലമോ ഇ മെയിൽ മുഖാന്തിരമോ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്ന പക്ഷമോ പ്രസ്തുത തസ്തികകൾ ഒഴിവുകൾ ആയി കണക്കാക്കി പട്ടികയിൽ നിന്നും

തുടർ നിയമനം നൽകുന്നതിന് അതാതു ജില്ലകളിലെ ജില്ലാ മൃഗസംരക്ഷണ ആഫീസർക്കു അധികാരമുണ്ടായിരിക്കുന്നതാണ്.

10. ഉന്നത വിദ്യാഭാസത്തിനോ മറ്റാവശ്യങ്ങൾക്കോ ഏഴ് ദിവസത്തിൽ കൂടുതൽ (അവധി ദിനങ്ങൾ ഉൾപ്പെടെ) തുടർച്ചയായി അവധിയിൽ പ്രവേശിക്കുന്ന ജൂനിയർ റസിഡന്റുമാരുടെ ചുമതലയിൽ ഉണ്ടായിരുന്ന തസ്തികകൾ ഒഴിവുകളായി കണക്കാക്കി പട്ടികയിൽ നിന്നും തുടർ നിയമനം നൽകുന്നതിന് അതാതു ജില്ലകളിലെ ജില്ലാ മൃഗസംരക്ഷണ ആഫീസർക്കു അധികാരമുണ്ടായിരിക്കുന്നതാണ്.

11. മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രാർക്ക് https://forms.gle/3g15LDFfF1QNbtnt8.. എന്ന ഗൂഗിൾ ഫോം.. മുഖാന്തിരം അപേക്ഷ സമർപ്പിക്കേണ്ടതാണ് .

**അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 15/09/25 – 3 PM**

രജിസ്ട്രാർ

REGISTRAR
KERALA STATE VETERINARY COUNCIL
THIRUVANANTHAPURAM-695005

OFFICE OF THE REGISTRAR ★ KERALA STATE VETERINARY COUNCIL ★